**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5805** — **25-03-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി ആകർഷകമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മെഡിസെപ്പ് പദ്ധതിയുടെ പ്രീമിയം തുക വർദ്ധിപ്പിക്കുന്നതുൾപ്പെടെ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പദ്ധതിയുടെ അടുത്ത ഘട്ടം ആരംഭിക്കുന്നതിന്റെ ഭാഗമായി നിലവിലെ പാക്കേജുകൾ പരിഷ്കരിക്കുന്നതിനും, പുതിയ പാക്കേജുകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും പഠനം നടത്തുന്നതിനായി 22**-02-2025 -ലെ സ.ഉ.(സാധാ) നം.1687/2025/ധന പ്രകാരം** ഒരു 8 അംഗ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രീമിയം തുക വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ പരിഷ്കരിക്കുന്നതാണ്. |
| (ബി) | ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനായി പ്രത്യേകം സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (ബി) | പദ്ധതിയുടെ അടുത്ത ഘട്ടം ആരംഭിക്കുന്നതിന്റെ ഭാഗമായി നിലവിലെ പാക്കേജുകൾ പരിഷ്കരിക്കുന്നതിനും, പുതിയ പാക്കേജുകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും പഠനം നടത്തുന്നതിനായി 22**-02-2025 -ലെ സ.ഉ.(സാധാ) നം.1687/2025/ധന പ്രകാരം** ഒരു 8 അംഗ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രീമിയം തുക വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് കൂടുതൽ ഉപയോഗപ്രദമാകുന്ന രീതിയിൽ പരിഷ്കരിക്കുന്നതാണ്. |
| (സി) | ചികിത്സയ്ക്ക് ചെലവാകുന്ന മുഴുവൻ തുകയും ആശുപത്രികൾക്കു നൽകണമെന്ന ആവശ്യം പരിശോധിക്കുമോ? | (സി) | **ഏറ്റവും കുറഞ്ഞ പ്രീമിയത്തിൽ പരമാവധി 20 ലക്ഷം രൂപ വരെ പരിരക്ഷ ലഭ്യമാകുന്ന 'risk pooling' ചെയ്ത് കൊണ്ടുള്ള മെഡിസെപ് പദ്ധതിയിൽ സ്വാഭാവികമായി നടപ്പിൽ വരുത്തുന്ന cost control mechanism ത്തിന്റെ ഭാഗമായി ചികിത്സാ ചെലവുകൾക്ക് പരിധി നിശ്ചയിചിട്ടുണ്ട്. സർക്കാർ** |

| | | | |
|---|---|---|---|
| | | | **നിയോഗിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി ശിപാർശ ചെയ്തത് പ്രകാരമാണ് 30 വിഭാഗങ്ങളിലായി 1920 ചികിത്സാ പാക്കേജും 12 ഗുരുതര/ അവയവ മാറ്റ ചികിത്സാ പാക്കേജും** വ്യവസ്ഥകളും **അവയുടെ നിരക്കും നിശ്ചയിച്ചിട്ടുള്ളത്.** ആയതിനാൽ ഓരോ ചികിത്സയ്ക്കും ആശുപത്രികൾ തെരെഞ്ഞെടുക്കുന്ന പാക്കേജ് ഇൻഷുറൻസ് കമ്പനി ചുമതലപ്പെടുത്തിയിരിക്കുന്ന ടി.പി.എ. -കൾ പരിശോധിച്ച് അതിന് അനുസൃതമായ പാക്കേജ് തുക, മുറി വാടക എന്നിവ അടങ്ങിയ തുകയാണ് ആശുപത്രികൾക്ക് ഇൻഷുറൻസ് കമ്പനി നൽകുന്നത്. |

സെക്ഷൻ ഓഫീസർ